**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം– വ്യാഴാഴ്ച തോറും**
**പ്രശാന്തി സന്ദേശം- ഉപാഖ്യാനം 242**


# ആദ്ധ്യാത്മികതയുടെ മറ്റ് പ്രതിബന്ധങ്ങൾ

## OTHER BARRIERS IN SPIRITUALITY

**മെയ് 23, 2024**

### ഈഗോ ആദ്ധ്യാത്മികതയിലെ തടസ്സം

മരണത്തെ നാം എങ്ങനെയാണ് നിർവചിക്കുക? വാസ്തവത്തിൽ, മരണമെന്നത് ഈഗോയുടെ മരണമല്ലാതെ മറ്റൊന്നുമല്ല. നാമതിനെ സാധാരണ അർത്ഥത്തിൽ മരണം എന്നു വിളിക്കുന്നു, എന്തെന്നാൽ അത് 'ഞാൻ'("I") എന്നറിയപ്പെടുന്നതാണ്, "ഞാൻ അതാകുന്നു, ഞാൻ ഇതാകുന്നു." മനുഷ്യൻ ഈഗോയായി മരിക്കുന്നു, ജീവിതവുമായി ബന്ധപ്പെട്ടിട്ടല്ല. ഈഗോയുമായി മാത്രം ബന്ധപ്പെട്ടാണ് മരണമുള്ളത്. ഈഗോരാഹിത്യം(egolessness) എന്നത് മരണമില്ലായ്കയും അനശ്വരത്വവുമാകുന്നു. മരണം എന്നാൽ, ഈഗോയുടെ മരണമെന്നർത്ഥം.




*Ahamkara* (ego) envelops the *Buddhi* and has to be eliminated. *Atma* is the father of *ahamkara*, the grandfather of mind and thoughts and the great grandfather of *Vaak* (speech). *Ahamkara* comes and goes but the *Atma* is permanent.

അപ്പോൾ, നാം മരണത്തെ സ്വാഗതം ചെയ്യേണ്ടിയിരിക്കുന്നു, ഈഗോനഷ്ടത്തെ ച്ചൊല്ലി നാം ഭയക്കാതിരിക്കണം. ഇവിടെ ബാബ യേശുക്രിസ്തുവിനെ ഉദ്ധരിക്കുന്നു, അവിടുന്ന് കുരിശിൽ കിടന്നുകൊണ്ട് പ്രഖ്യാപിച്ചു- "മരണം എന്നത് ജീവിതത്തിന്റെ വസ്ത്രമാകുന്നു."




നാം നമ്മുടെ വസ്ത്രം മാറുമ്പോൾ, കരയാറില്ല. അതുപോലെ, മരണം എന്നത് ജീവിതത്തിന്റെ വസ്ത്രമാകുന്നു, അവിടെ ആത്മാവ് ഉടയാട മാറുകയാണ്. അതിനാൽ, ഈഗോയുടെ മരണം എന്നത് ഒരു ആഘോഷവും ഉത്സവവുമാകുന്നു, എന്തെന്നാൽ ഈഗോ എന്നത് ആദ്ധ്യാത്മികതയിലെ ഏറ്റവും മോശമായ പ്രതിബന്ധമാകുന്നു, വാസ്തവത്തിൽ, ഈഗോയെ അപേക്ഷിച്ച് നാം മരണത്തെ സ്വാഗതം ചെയ്യണം.

ബാബ എല്ലായ്പോഴും പറയുന്നു, "നിങ്ങൾ സത്യമാകുന്നു. സത്യത്തിന് അവസാന



People in general cannot understand what is *aadhyaatmikam* or spirituality and what is individual freedom. Spirituality does not mean living in solitude, far away from society. On the other hand, true spirituality consists in sowing the seeds of love in the hearts of all people and facilitating the blossoming of peace and divine love among all mankind.

മില്ല. സത്യത്തിന് ആരംഭവുമില്ല. സത്യം അനശ്വരമാകുന്നു. നിങ്ങൾ സത്യത്തിന്റെ അംശമാകുന്നു-സത്യം ജ്ഞാനം അനന്തം ബ്രഹ്മ." നിങ്ങൾ സത്യമാകുന്നു; നിങ്ങൾ


അനന്തമാകുന്നു. നിങ്ങൾ ജ്ഞാനമാകുന്നു. ജ്ഞാനം അമരമാകുന്നു. അനന്തം മരണമില്ലാത്തതാകുന്നു. സത്യം മരണമില്ലാത്തതാകുന്നു.

നിങ്ങൾ സത്യമാകുന്നു. നിങ്ങൾ അമരരാകുന്നു. അതുകൊണ്ടാണ് വിശുദ്ധ ബൈബിൾ പറയുന്നത്, "നിങ്ങൾ സത്യമറിയും, ആ സത്യം നിങ്ങളെ സ്വതന്ത്രരാക്കും." ഒരിക്കൽ നിങ്ങൾ സത്യമറിഞ്ഞാൽ, നിങ്ങളുടെ ഈഗോയുടെ മരണത്തിലൂടെ നിങ്ങൾ സ്വതന്ത്രരാക്കപ്പെടും.





**അസതോമാ സത് ഗമയ**-അസത്യത്തിൽനിന്ന് സത്യത്തിലേക്ക്! സത്യമെന്നത് ഈഗോയുടെ മരണമണിയാകുന്നു. സത്യം സനാതനവും അനശ്വരവുമാകുന്നു. അതുകൊണ്ട്, ഒരിക്കൽ നിങ്ങൾ സത്യത്തിന്റെ ഭാഗമായിക്കഴിഞ്ഞാൽ, മരണത്തിന്റെ പ്രശ്നമേ ഉദിക്കുന്നില്ല. അതുകൊണ്ട്, ഈശ്വരനെ അനുഭവിക്കുന്നതിന്, എത്രയും നേരത്തേ ഈഗോ മരിക്കുന്നുവെന്ന് നാം ഉറപ്പാക്കണം. അപ്പോൾ, ബോധോദയത്തിനുള്ള മൂന്നാമത്തെ പ്രതിബന്ധം ഈഗോയാകുന്നു.(ആദ്യത്തെ രണ്ടെണ്ണം അറിവും ഈശ്വരഭയവുമാകുന്നു).

**തമസോമാ ജ്യോതിർ ഗമയ**-ജ്ഞാനത്തിന്റെ പ്രകാശം അവിടെയാണ്. തമസ്സ് എന്നാൽ അന്ധകാരം, ജ്യോതി എന്നാൽ വെളിച്ചം. വെളിച്ചം ഇരുളിനെ അകറ്റുന്നു. ഇരുട്ടെന്നാൽ മരണമാണ്. പ്രകാശം സത്യം, ആനന്ദം, ശാന്തി ആകുന്നു. പ്രകാശം സനാതനമാണ്.





നാം ജനനമില്ലാത്തവരാണ്, മരണമില്ലാത്തവരാണ്, സനാതനരാണ്, നാം സത്യം തന്നെയാണ്. നാം ജന്മദിനം കൊണ്ടാടുന്നത് എന്തുകൊണ്ടെന്നാൽ, ആവശ്യത്തിന് പണമുള്ള സ്ഥിതിക്ക് നാം ഒരു സാമൂഹികമായ ആഘോഷത്തിനായി ആഗ്രഹിക്കുന്നതിനാലാണ്. നമ്മളത് ആസ്വദിക്കുന്നു. "ഹാപ്പി ബർത്ത്ഡേ!" എന്നാൽ വാസ്തവത്തിൽ, നിങ്ങൾ ഒരിക്കലും ജനിച്ചിട്ടേയില്ല. ശരീരം മാത്രമാണ് പ്രത്യക്ഷമായത്. അത്രമാത്രം! ഈ ശരീരം നിലവിൽവന്നതിനു മുമ്പേ നിങ്ങളുണ്ടായിരുന്നു.




ബാബ വൈദ്യുതിയുടെ ഉദാഹരണം തരുന്നു, അത് എല്ലായിടത്തുമുണ്ടല്ലോ. ഒരു ബൾബിലായിരിക്കുമ്പോൾ, അത് വെളിച്ചം തരുന്നു. ബൾബ് നീക്കം ചെയ്താൽ പോലും വൈദ്യുതി അവിടുണ്ടാവും, സദാ സന്നിഹിതമായി. ബൾബുണ്ടെങ്കിലും ബൾബില്ലെങ്കിലും, വൈദ്യുതി ഒഴുകിക്കൊണ്ടിരിക്കും. ഇതേപോലെ, നമ്മളും ദിവ്യവും പ്രാപഞ്ചികവുമായ ഊർജ്ജമാകുന്നു-ചിരന്തന സത്യം. ബൾബ് എന്നത് ശരീരമാകുന്നു, അത്രേയുള്ളൂ!

ആരോ സ്വാമിയോട് ചോദിച്ചു, "മരണത്തിനു ശേഷം എന്തു സംഭവിക്കും?" ബാബ മറുപടി നൽകി, "ഒന്നും സംഭവിക്കില്ല." മരണത്തിനു ശേഷം, ഒന്നും സംഭവിക്കില്ല. ജനനം എന്നൊന്നേ ഇല്ല. വൈദ്യുതി നിലനിൽക്കുന്നതുപോലെ, അതുപോലെത്തന്നെ ചൈതന്യവും! ചൈതന്യം എല്ലായിടത്തുമുണ്ട്, പക്ഷേ അത് വിഭിന്ന രൂപങ്ങളിലേക്ക് പരിവർത്തനം ചെയ്യപ്പെടുന്നു. ചിലനേരം



ഊർജ്ജം ദ്രവ്യമായിത്തീരുന്നു. ഭൗതികശാസ്ത്രത്തിലെ നവീനമായ ക്വാണ്ടം സിദ്ധാന്തം പ്രസ്താവിക്കുന്നത് ദ്രവ്യം എന്നൊന്നില്ല എന്നാണ്. യഥാർത്ഥത്തിൽ,



ഓരോന്നും ഊർജ്ജമാകുന്നു. പക്ഷേ പ്രായോഗികമായി, മാനവരാശിക്ക് ഉപയോഗിക്കാൻ തക്കവിധം, ഊർജ്ജത്തിന്റെ വിഭിന്ന രൂപങ്ങൾ നിലനിൽക്കുന്നു. അസ്തിത്വമുള്ള ഒരേയൊരു കാര്യം പ്രാപഞ്ചിക ഊർജ്ജമാണ്, ദിവ്യോർജ്ജമാണ്-സത്(Truth), അത് അസ്തിത്വമാകുന്നു.

സത് എന്നാൽ സത്യമാകുന്നു, അതിന് അസ്തിത്വമെന്നും അർത്ഥമുണ്ട്. അതുകൊണ്ട്, നാം എന്നും അസ്തിത്വമുള്ളവരാണ്, നമ്മൾ പ്രത്യക്ഷരാവുകയോ അപ്രത്യക്ഷരാവുകയോ ചെയ്തിട്ടില്ല.

### ഈശ്വരനെ തേടുന്നത് ആദ്ധ്യാത്മികതയിലെ ഒരു പ്രതിബന്ധമാകുന്നു


നാലാമത്തെ പ്രതിബന്ധം എന്നത് ഈശ്വരനെ തേടുന്ന(seeking God)തിനുള്ള പ്രവണതയാകുന്നു. ചില ആളുകൾ പറയും, "സ്വാമിയുടെ സമീപത്ത് എത്തിയതിൽ പിന്നെ, ഞാൻ ഈശ്വരനെ കണ്ടെത്തി." മറ്റു ചിലർ പറയും, "ഞാൻ ഈശ്വരനെ തേടുകയാണ്." രണ്ടും തെറ്റാണ്! ഭഗവാൻ നമുക്ക് നൽകിയിരിക്കുന്ന ഏറ്റവും വലിയ സമ്മാനമെന്നത് ജ്ഞാനത്തിന്റെ സമ്മാന( the gift of wisdom)മാകുന്നു, വേദാന്തത്തിൽനിന്നുള്ള പ്രായോഗിക ഭാരതീയ ആദ്ധ്യാത്മികജ്ഞാനം. ഇത് ഭഗവാൻ കാരണം മാത്രമാണ്. ഭഗവാൻ ചെയ്യുന്ന സകല കാര്യങ്ങളും പരമമായി നമുക്ക് പ്രയോജനപ്പെടുന്നതിനു മാത്രമാണ്.




കുഞ്ഞ് കഴിക്കാനായി വിസമ്മതിക്കുമ്പോൾ അമ്മ ക്ഷീണിതയാണെങ്കിൽപോലും, ഒന്നിനു പുറകെ ഒന്നായി കഥകൾ പറഞ്ഞും പാട്ടു പാടിയും അതിനെ വശത്താക്കുന്നു, കുഞ്ഞ് സാവധാനം മൊത്തവും കഴിക്കുന്നു. അമ്മ ഏറ്റം തളർന്നിരിക്കുകയാണെന്നാലും, പാടുകയും കഥകൾ പറയുകയും ചെയ്യുന്നു. എങ്ങനെയായാലും, സ്നേഹം മാത്രമാണ് കുഞ്ഞിനെക്കൊണ്ട് കഴിപ്പിക്കുന്നത്.

അങ്ങനെ, സ്വാമി നമുക്ക് ഇന്റർവ്യൂകൾ തരാം, മോതിരം, വാച്ചുകൾ, ലോക്കറ്റുകൾ, ദർശനം, സംഭാഷണം ഒക്കെ നൽകിയേക്കാം. ഇവയെല്ലാം എല്ലാ കുഞ്ഞുങ്ങളെയും ആദ്ധ്യാത്മികതയുടെ ആഹാരം കഴിപ്പിക്കുന്നതിനുവേണ്ടിയുള്ള കഥകളാകുന്നു.

ഭഗവാന്റെ ആഹാരം ആദ്ധ്യാത്മികതയാണ്, പക്ഷേ നമുക്ക് ആദ്ധ്യാത്മികത വേണമെന്നില്ല. നമുക്ക് നമ്മുടെ കുടുംബവുമായി, ജോലിയുമായി, ആരോഗ്യവുമായി ബന്ധപ്പെട്ട തുച്ഛമായ കാര്യങ്ങളും കൊണ്ട് കഴിഞ്ഞുകൂടിയാൽമതി, അതാണ് നാം പുട്ടപർത്തിയിലായിരിക്കുന്നതിനുള്ള കാരണം. ഇതെല്ലാം പരമ വിഡ്ഢിത്തമാകുന്നു. നാം എത്രകണ്ട് സ്വാർത്ഥമതികളാകുന്നുവോ, അവിടുന്നിന് കളിപ്പിക്കാനുള്ള




പാവകളായിത്തീരുന്നു നാം. നാം എത്രകണ്ട് വിഡ്ഢികളാകുന്നുവോ, അവിടുന്ന് നമ്മെ കൂടുതൽ വിഡ്ഢികളാക്കുന്നു. എന്തുകൊണ്ട്? നാം ഈ മൂഢതയിൽനിന്ന് പുറത്തുവരാൻ വേണ്ടി, അവിടുത്തെ ലീലയിൽനിന്ന് നാം പുറത്തുവരുന്നതുവരെ.

ബാബ ചടങ്ങുകൾ, പ്രഭാഷണങ്ങൾ, സാംസ്കാരിക പരിപാടികൾ ഒക്കെ വലിയ ശ്രദ്ധയോടെയാണ് ക്രമീകരിക്കുന്നത്. ദിവ്യമാതാവ് അത്രമേൽ കരുണാമയിയും അത്യധികം ദയാമയിയുമാണ്, ആദ്ധ്യാത്മികഭോജനത്തിന്റെ ഒരു ഉരുളയെങ്കിലും നമ്മൾ കഴിക്കുന്നതിനുവേണ്ടി.

''ഞാൻ ഈശ്വരനെ അറിയണമെന്ന് ആഗ്രഹിക്കുന്നു'' എന്ന് നമ്മൾ പറയുകയാണെങ്കിൽ, ബാബ ഇപ്രകാരമാവും പറയുക, ''എനിക്ക് പണം വേണമെന്നുണ്ട് എന്ന് നിങ്ങൾ പറയുകയാണെങ്കിൽ, അതിനുവേണ്ടി പ്രയത്നിച്ചാൽ നിങ്ങൾക്കത് ലഭിക്കും. ഒരു പദവിക്കു വേണ്ടി നിങ്ങൾ ആഗ്രഹിച്ചാൽ, അതിനുവേണ്ടി കഷ്ടപ്പെട്ട്

നിങ്ങൾക്കത് ലഭിച്ചേക്കും. സ്വാധീനശക്തിക്കുവേണ്ടി നിങ്ങൾ ആഗ്രഹിച്ചാൽ, അതെ, നിങ്ങൾക്കത് ലഭിക്കാം. നിങ്ങൾക്കീ ലോകത്ത് എന്തുവേണമെങ്കിലും ആഗ്രഹിക്കാം, പക്ഷേ ഈശ്വരനെ മാത്രം ആഗ്രഹിക്കാതിരുന്നാ(non-desiring)ലാണ് കിട്ടുക.'' ഇത് തീർച്ചയായും ഒരു വിരോധാഭാസമുള്ള കാര്യമാണ്-നാം ഈശ്വരനെ ആഗ്രഹിച്ചുകൂടാ!

നമുക്ക് ഈ 'ആഗ്രഹം' എന്ന വാക്ക് മനസ്സിലാക്കാം. ഒരുവൻ പണത്തിനോ പദവിക്കോ ആഗ്രഹിക്കുന്നു എന്തെന്നാൽ, അവന് അതില്ല. ഒരുവൻ പ്രതാപത്തിനായി ആഗ്രഹിച്ചേക്കാം, അത് അവഗണന കൊണ്ടാണ്, അഥവാ അവന്റെ ഈഗോയെ അത് ബാധിച്ചിട്ടുള്ളതുകൊണ്ടാണ്.




അതുകൊണ്ടാണ് ഒരുവൻ സ്വാധീനശക്തിക്കായി ആഗ്രഹിക്കുന്നത്. അപ്പോൾ, ഒരുവൻ ആഗ്രഹിക്കുന്നത്, അവന് എന്താണോ ഇല്ലാത്തത് അതിനുവേണ്ടിയാണ്. എന്നാൽ നമുക്ക് ഈശ്വരനെ ആഗ്രഹിക്കാനാവില്ല എന്തെന്നാൽ അവിടുന്ന് മുമ്പുതന്നെ നമ്മിലുണ്ട്. നാം ഭക്ഷിക്കുന്നു, സംസാരിക്കുന്നു, നടക്കുന്നു, ജീവിതത്തിലെ മറ്റെല്ലാ കാര്യങ്ങളും ചെയ്യുന്നു, ഇതെല്ലാം ഈശ്വരൻ കാരണമാണ്. നമ്മൾ ജീവനോടെ ഇരിക്കുന്നു! ആ ജീവൻ ഈശ്വരനാകുന്നു. അപ്പോൾ, നാമെന്തിന് ഈശ്വരനെ ആഗ്രഹിക്കണം?

### മതം ആദ്ധ്യാത്മികതയിലെ ഒരു പ്രതിബന്ധമാകുന്നു

ആദ്ധ്യാത്മികതയിലെ അടുത്ത തടസ്സം മതം ആകുന്നു. ഏതെങ്കിലും ഒരു മതത്തെപ്പറ്റി ഒന്നും പറയാത്ത ബാബയുടെ കാൽക്കലാണ് നാം ഒത്തുകൂടിയിരിക്കുന്നത്. ഏത് മതത്തിലാണ് നാം ബാബയെ പെടുത്തുക? ബാബയ്ക്ക് മതമില്ല-അവിടുന്ന് ഒരു മതത്തെക്കുറിച്ചും സംസാരിക്കില്ല. ഇതെന്തുകൊണ്ടാണ്? ഓരോ മതവും ഈശ്വരനിലേക്കുള്ള മാർഗമാണ് നമ്മോട് പറയുന്നത്. ക്രിസ്ത്യാനികൾ പറയും, ''ക്രിസ്തുവാണ് ലക്ഷ്യം. ക്രിസ്തുമതമാണ് മാർഗം.'' മുസ്ലിങ്ങൾ പറയും, ''അള്ളാഹുവാണ് ലക്ഷ്യം. ഇസ്ലാമാണ് മാർഗം.'' ബൗദ്ധർ പറയും, ''ബുദ്ധനാണ് ലക്ഷ്യം. ബുദ്ധിസമാണ് മാർഗം.''

അപ്പോൾ, ഓരോ മതവും രണ്ട് കാര്യങ്ങളെക്കുറിച്ച് പറയുന്നു-ലക്ഷ്യവും മാർഗവും. ഇവ രണ്ടും അസംബന്ധമായ വിഷയങ്ങളാണ് എന്തെന്നാൽ, ഈശ്വരൻ ഒരു ലക്ഷ്യം അല്ല. നാം ഒരു റസ്റ്ററന്റ് സന്ദർശിക്കണമെന്ന് പ്ലാൻ ചെയ്യുമ്പോൾ, അവിടെ എത്തിച്ചേരാൻ പടികൾ കയറേണ്ടിവരാം-ലക്ഷ്യം എന്നത് റസ്റ്ററന്റാണ്, മാർഗം വ്യക്തമാണ്. സമയവും കഴിഞ്ഞിട്ടില്ല. അപ്പോൾ, ഒരു ലക്ഷ്യവും മാർഗവും ഉള്ളപ്പോൾ, രണ്ടു കാര്യങ്ങൾ വരുന്നു-ഒന്ന് സമയം(the time), മറ്റേത് അകലം(the distance).



അവിടെയായാലും ഇവിടെയായാലും, ഓരോ ലക്ഷ്യത്തിനും ഒരു കാലവും ദൂരവുമുണ്ട്. ഈശ്വരൻ എന്റെയുള്ളിൽ ആയിരിക്കെ, ഞാൻ ഈശ്വരനാണെന്നിരിക്കെ, ദൂരം എത്രയാണ്? അകലത്തിന്റെ പ്രശ്നമേയില്ല! എത്ര സമയമെടുക്കും? നമ്മുടെ പേരോ നമ്മുടെ സ്വത്വമോ അറിയുന്നതിന് സമയമെടുക്കുമോ? അകലവും ഉണ്ടാവില്ല. ഇതേപോലെ, നാം ഈശ്വരനാണെന്നിരിക്കെ, നാം ഒരു ദൂരവും പോകേണ്ട ആവശ്യം വരുന്നില്ല, അറിയുന്നതിന് നമുക്ക് സമയവും വേണ്ട. ലക്ഷ്യത്തിലെത്തുന്നതിന് മാർഗം ഇല്ല എന്തെന്നാൽ, സമയവും ദൂരവും നിലനിൽക്കുന്നില്ല, അവ പൂർണമായും അപ്രസക്തമാകുന്നു. ഈശ്വരൻ നമ്മുടെ ലക്ഷ്യമല്ല എന്തെന്നാൽ, നാം ഈശ്വരനാകുന്നു!




ബാബ പ്രശാന്തിനിലയത്തിൽ എന്താണ് ചെയ്യുന്നത്? മെയ് മാസത്തിൽ, ലോകമെമ്പാടുമുള്ള ബൗദ്ധർ ബുദ്ധപൂർണിമ ആഘോഷിക്കാനായി വരുന്നു, ക്രിസ്ത്യാനികൾ യേശു ക്രിസ്തുവിന്റെ പിറവി കൊണ്ടാടാനായി വരുന്നു. ഹിന്ദുക്കൾ ജന്മാഷ്ടമി ദിനത്തിൽ ഭഗവാൻ കൃഷ്ണന്റെയും, രാമനവമിക്ക് ശ്രീരാമന്റെയും ജയന്തി ആഘോഷിക്കുന്നു. ഇവിടെ നമ്മൾ എല്ലാ രൂപങ്ങളിലും ഒരേ ദിവ്യത്വത്തെ രുചിക്കുന്നു!

ഒരു ചെറിയ ദൃഷ്ടാന്തം: സമുദ്രജലം ഉപ്പുള്ളതാണെന്ന് അറിയുന്നതിന്, നാം കടലിലേക്ക് പോവേണ്ട ആവശ്യം വരുന്നില്ല. സമുദ്രത്തിന്റെ രുചി അറിയുന്നതിന്, നാം സമുദ്രത്തിലെ ഏതെങ്കിലും പ്രത്യേക ഭാഗത്തു പോകേണ്ടതില്ല, അത് എവിടെയും രുചിക്കാവുന്നതേയുള്ളൂ. അതുകൊണ്ട്, ക്രിസ്തുമസ്, ബുദ്ധപൂർണിമ, ജന്മാഷ്ടമി, ശ്രീരാമനവമി, ഗണേശചതുർത്ഥി, ശിവരാത്രി-ഇവയൊക്കെ സത്യ സായി ബാബയുടെ ദിവ്യത്വമാകുന്ന സമുദ്രത്തിൽ സ്ഥിതി ചെയ്യുന്ന വ്യത്യസ്ത സ്ഥാനങ്ങളാകുന്നു. അവിടുന്ന് സമുദ്രമാണ്, നമുക്ക് അവിടുത്തെ ദിവ്യത്വം രുചിച്ചറിയുന്നതിനുള്ള വിശിഷ്ടാവസരങ്ങളാണ് ഇവയൊക്കെ.




കൂടുതൽ ആദ്ധ്യാത്മിക പ്രദീപകങ്ങളായ ചിന്തകളും വസ്തുതകളും അടുത്ത അവസരത്തിലുണ്ടാവും. നിങ്ങളുടെ സമയത്തിന് നന്ദി.

ഓം സായിരാം!



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ) (തുടരും)

പ്രഫസർ അനിൽകുമാറിന്റെ 'സായി-കോളജി'(*Sai-Chology*)എന്ന പുസ്തകത്തെ ആധാരമാക്കി